# കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)

## കേരള സംസ്ഥാന സമ്മേളനം

## 2018 ഫെബ്രുവരി 22 മുതൽ 25 വരെ

## സ: വി.വി.ദക്ഷിണാമൂർത്തി നഗർ, തൃശ്ശൂർ

---

**(പ്രസിദ്ധീകരണത്തിന്)** **25.02.2018**

**(സംസ്ഥാന സമ്മേളനം അംഗീകരിച്ച പ്രമേയം)**

## തൊഴിലില്ലായ്മക്കെതിരായ സമരത്തിൽ അണി നിരക്കുക

നമ്മുടെ രാജ്യത്തെ ജനസംഖ്യയിൽ ഗണ്യമായ ഭാഗവും യുവജനങ്ങളാണ്. ലോകത്തിലേറ്റവും കൂടുതൽ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുള്ള രാജ്യങ്ങളിലൊന്ന് ഇന്ത്യയാണ്.

പ്രതി വർഷം രണ്ടുകോടി യുവജനങ്ങൾക്ക് തൊഴിൽ നൽകുമെന്നായിരുന്നു കഴിഞ്ഞ ലോകസഭാ തെരെഞ്ഞെടുപ്പ് സമയത്ത് ബിജെപിയുടെ വാഗ്ദാനം. മോദി സർക്കാർ അധികാര മേറ്റ് 4 വർഷം തികയുമ്പോൾ ഈ വാഗ്ദാനം പാലിക്കാൻ നേരിയ ശ്രമം പോലും നടത്തിയി ല്ലെന്ന് മാത്രമല്ല നിലവിൽ ജോലി ചെയ്തു കൊണ്ടിരിക്കുന്നവർക്ക് തന്നെ തൊഴിൽ നഷ്ടപ്പെ ടുന്ന സാഹചര്യം വന്നിരിക്കുകയാണ്. വർഷം തോറും ലക്ഷക്കണക്കിന് തൊഴിലാളികളാണ് സർക്കാർ നയത്തിന്റെ ഭാഗമായി തൊഴിൽ രഹിതരായി മാറുന്നത് . നവലിബറൽ നയങ്ങളുടെ അതിവേഗ നടത്തിപ്പുകാരായി മോദി സർക്കാർ മുന്നോട്ട് പോവുന്നതിന്റെ പ്രധാന ഇരകൾ യുവജനങ്ങളാണ്. ഭാവിയിലേക്ക് കരുതി വെക്കാനാവാത്ത തൊഴിൽ ശക്തിയെ ജീവിത സന്ധാ രണത്തിനും രാജ്യ പുരോഗതിക്കുമായി ഉപയോഗിക്കാനുള്ള ഒരു നടപടിയും കേന്ദ്ര സർക്കാരി നില്ല.

പൊതു മേഖലയുടെ ദ്രുതഗതിയിലുള്ള സ്വകാര്യവൽക്കരണവും , കാർഷിക വ്യാവസാ യിക മേഖലകളിലെ അരക്ഷിതാവസ്ഥയും , സ്ഥിരം തൊഴിലെന്ന കാഴ്ചപ്പാടു തന്നെ അവസാ നിപ്പിക്കണമെന്ന കേന്ദ്ര സർക്കാർ നയവും തൊഴിലില്ലായ്മയുടെ രൂക്ഷത വർദ്ധിപ്പിക്കുന്ന ഘട കങ്ങളാണ്. കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്താതെ യുവജനങ്ങളെ ദ്രോഹിക്കുകയും പൊതുമേഖലയെ തകർക്കുകയും ചെയ്യുന്ന സമീപനമാണ് കേന്ദ്ര സർക്കാർ തുടരുന്നത്.

ഇന്ത്യൻ റെയിൽവേയിൽ നിലവിൽ 2,22,150 ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിന് ശേഷവും ഒഴിവുകൾ നികത്താൻ നടപടിയുണ്ടായിട്ടില്ല. ഇതിൽ 40000 ൽ പരം അവസര ങ്ങൾ പട്ടികജാതി –പട്ടിക വർഗ്ഗക്കാർക്ക് അവകാശപ്പെട്ടതുമാണ്.

ഐടി രംഗത്ത് ദശലക്ഷം തൊഴിൽ അവസരം സൃഷ്ടിക്കുമെന്ന് പ്രഖ്യാപിച്ചെത്തിയ 'ഡിജിറ്റൽ ഇന്ത്യ' കോർപ്പറേറ്റുകളുടെ ലാഭം വർദ്ധിപ്പിക്കാൻ മാത്രമുതകുന്നതായി മാറി. ഐടി രംഗത്ത് കൂട്ട പ്പിരിച്ചു വിടലും സ്തംഭനാവസ്ഥയുമാണ്. സാങ്കേതിക രംഗത്ത് ഉന്നത ബിരു ദവും പരിശീലനവും സിദ്ധിച്ചവർക്ക് പോലും അർഹമായ തൊഴിൽ ലഭിക്കാത്ത സ്ഥിതി വിശേ ഷവുമുണ്ട്.

രാജ്യത്തിന്റെ സാമ്പത്തിക രംഗം താറുമാറാക്കിയ കറൻസി നിരോധനവും ജി എസ് ടി യും വലിയ തോതിൽ ബാധിച്ചത് ചെറുകിട വാണിജ്യ– വ്യവസായ രംഗത്തെയാണ്. ഗ്രാമീണ മേഖലയിലെ തൊഴിലവസരങ്ങളെ ഇല്ലാതാക്കുന്നതിന് ഇത് കാരണമായി.

തൊഴിലില്ലാത്തവരുടെ സൈന്യത്തെ മുതലാളിത്തം സൃഷ്ടിക്കുമെന്ന മാർക്സിന്റെ നിരീക്ഷണം വർത്തമാന കാല ഇന്ത്യയിൽ യാഥാർത്ഥ്യമായിരിക്കുന്നു. ഇന്ത്യൻ യുവത്വത്തെ തൊഴിലില്ലായ്മയുടെ ദുരന്ത കയങ്ങളിലേക്ക് തള്ളിയിടുന്ന കേന്ദ്ര സർക്കാർ നയത്തിനെതിരെ പോരാടാൻ ഈ സംസ്ഥാന സമ്മേളനം സംസ്ഥാനത്തെ മുഴുവൻ യുവ ജനങ്ങളോടും ആഹ്വാനം ചെയ്യുന്നു.